**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 240** **22-02-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ കോവിഡ് മരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാളിതുവരെ കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | 2022 ഫെബ്രുവരി 14 വരെ സംസ്ഥാനത്ത് 62377 പേർ കോവിഡ് ബാധിച്ച് മരണപ്പെട്ടിട്ടുണ്ട്. ഇതിൽ 3779 മരണങ്ങൾ ആദ്യഘട്ടത്തിൽ മതിയായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ഡിക്ലയർ ചെയ്യാതിരുന്നതും 24,474 മരണങ്ങൾ ബഹു.സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമായ അപ്പീൽ മുഖാന്തിരം റിപ്പോർട്ട് ചെയ്യതുമാണ്. ഇതിൽ ചില എൻട്രികൾ ഒന്നിലധികം തവണ ആവർത്തിച്ചതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത എൻട്രികൾ പുനഃപരിശോധിക്കുന്നതിനും അങ്ങനെയുള്ളവ നീക്കം ചെയ്യുന്നതിനും ജില്ലാ മെഡിക്കൽ ഓഫീസർമാർ നടപടി സ്വീകരിച്ചു വരികയാണ്. |
| (ബി) | ഇതിൽ ആദ്യഘട്ടത്തിൽ കോവിഡ് മരണങ്ങളുടെ കണക്കിൽ ഉൾപ്പെടാത്തതും പിന്നീട് ഉൾപ്പെടുത്തിയതുമായ മരണങ്ങളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | 2022 ഫെബ്രുവരി 14 വരെ സംസ്ഥാനത്ത് 62377 പേർ കോവിഡ് ബാധിച്ച് മരണപ്പെട്ടിട്ടുണ്ട്. ഇതിൽ 3779 മരണങ്ങൾ ആദ്യഘട്ടത്തിൽ മതിയായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ഡിക്ലയർ ചെയ്യാതിരുന്നതും 24,474 മരണങ്ങൾ ബഹു.സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമായ അപ്പീൽ മുഖാന്തിരം റിപ്പോർട്ട് ചെയ്യതുമാണ്. ഇതിൽ ചില എൻട്രികൾ ഒന്നിലധികം തവണ ആവർത്തിച്ചതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത എൻട്രികൾ പുനഃപരിശോധിക്കുന്നതിനും അങ്ങനെയുള്ളവ നീക്കം ചെയ്യുന്നതിനും ജില്ലാ മെഡിക്കൽ ഓഫീസർമാർ നടപടി സ്വീകരിച്ചു വരികയാണ്. |
| (സി) | ഇപ്രകാരം ആദ്യഘട്ടത്തിൽ കോവിഡ് മരണങ്ങളുടെ കണക്കിൽപ്പെടാതിരിക്കുകയും പിന്നീട് | (സി) | കോവിഡ്-19 ഉടക്കം മുതൽ ലോകാരോഗ്യ സംഘടനയുടെയും ICMR ന്റെയും കേന്ദ്ര ആരോഗ്യ |

| | | | |
|---|---|---|---|
| | ഉൾപ്പെടുത്തുകയും ചെയ്യുവാനുണ്ടായ സാഹചര്യങ്ങൾ വ്യക്തമാക്കുമോ? | | മന്ത്രാലയത്തിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ് കേരളത്തിൽ കോവിഡ്-19 മൂലമുള്ള മരണങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത്. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ റിട്ട് പെറ്റീഷൻ 539, 554 കേസുകളിലെ വിധിയുടെ അടിസ്ഥാനത്തിൽ കോവിഡ് മരണത്തിന്റെ നിർവചനങ്ങൾ ഇന്ത്യാ ഗവൺമെന്റ് മാറ്റുകയും വിപുലീകരിക്കുകയും ചെയ്തു. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളും കൂടാതെ ആശുപത്രിയിൽ / കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ് - 19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ ആ മരണങ്ങളും കോവിഡ് മരണങ്ങളായി കണക്കാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ 03/09/2021 ലെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ കോവിഡ് മരണം നിർണയിക്കുന്നതിനുള്ള മാർഗ്ഗരേഖ പുതുക്കിയതിനാലും ഡെത്ത് റിപ്പോർട്ടിംഗ് ഓഫ് ലൈൻ സംവിധാനത്തിൽ നിന്നും ഓൺലൈൻ സംവിധാനത്തിലേക്ക് മാറിയ സാഹചര്യത്തിൽ രേഖകൾ യഥാസമയം ലഭിക്കാൻ കാലതാമസം നേരിട്ടതിനാലുമാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്താതിരുന്ന മരണങ്ങൾ രണ്ടാം ഘട്ടത്തിൽ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയത്. |

സെക്ഷൻ ഓഫീസർ